Mor Athanasius Jacobite Sunday School

(Affliated to MJSSA)

Under The Patronage Of

St. George Universal Syrian Orthodox Reesh Church (Valiya pally), Kuwait

# BALAKALOLSAVAM

# HOODOSO - 2026

# PRIMARY CATEGORY

| SONG 1 | |
|---|---|
| മഹിമയൊടാക്കബറീന്നു പുറ-പ്പെട്ടീസൃഷ്ടികളെ ശോഭിപ്പിച്ചൊരു ശോഭയതാമേശു സ് തുത്യനഹോ | Mahimayodakkabareennu pura-ppetti-srushtikale Sobhippichoru sobhayatha-mesu sthuthyanaho |
| ശെമഓനും യോഹന്നാനും ചെന്നാക്കബറിങ്കൽ സ്തുതി പാടി സന്തോഷത്തോ-ടെ പോയവർ തിരികെ | Semavonum Yohannanum che-nnakkabaringal Sthuthipaadi santhoshatho-de poyavar thirike |
| ആഴ്ചയിലാദ്യത്തേതായീ-ടുന്നീ ശുദ്ധദിനേ ആദ്യജനുയിർ പൂണ്ടെഴുന്നേൽപ്പിച്ചീ മൺമയരെയും | Aazhchayilaadya thethaayee-dunni sudhadine Aadyajanuyir poondezhunnelppi-chee-manmayareyum |
| കൊന്നവരേ ജീവിച്ചേശു-ലജ്ജിപ്പിച്ചതിനാൽ പള്ളികളും ദയറാകളുമി-ന്നാനന്ദിക്കുന്നു. | Konnavare jeevichesu-lajjippichathinaal Pallikalum dayaraakalumi-nnanandikkunnu |
| മൃതർ തന്നാത്മാക്കളുമിന്നാ-നന്ദിക്കും കൃപയാം പനിനീരവർ മേലുയിർ പൂണ്ടോ-രേശു വീഴ്ത്തിയതാൽ ബാറെക്മോർ ശുബ്ഹൊ | Mruthar thannathmaakkaluminna-nandikkum krupayaam Panineeravar meluyir poondo-resu veezhthiyathaal-Barekmore |
| രക്ഷകനേ! നിന്നെയും നി-ന്നുത്ഥാനത്തെയും കൊണ്ടാടുന്നടിയാർക്കുയിരേ-കേണം നിന്നരുൾപോൽ | Rakshakane! Ninneyum ni-nnudhaanatheyum kondaadunnadiyarkuyire-kenam ninnarul pol. |

| SONG 2 | |
|---|---|
| നാഥാ! നിൻ രാജ്യ-<br>ത്തിൻ മഹിമാഗമനേ<br>സ്ലീബാ ചിറകാൽ<br>ഞങ്ങളെ മൂടിക്കൊള്ളണമേ. | Natha nin rajya-<br>Thin mahima gamane<br>Sleeba chirakal<br>Njangale moodikkollename. |
| നാഥാ! നിൻ രാജ്യ-<br>ത്തിൻ മഹിമാഗമനേ<br>നിൻ പരിശുദ്ധ-<br>ന്മാരോടടിയാർ ചേരണമേ. | Natha nin rajya-<br>Thin mahima gamane<br>Nin parishuddha-<br>Nmarod adiyar cherename |
| ഇന്നേകസുതൻ ത-<br>ന്നുതാനേ ദൂതർ<br>സ്ത്രീകൾക്കാന-<br>ന്തം സന്തോഷമറിയിച്ചു. | Enneka Suthan tha-<br>Nnuthane dhoothar<br>Sthreekalkkana-<br>Ntham santhosham ariyichu. |
| നാഥാ! നിൻ രാജ്യ-<br>ത്തിൻ മഹിമാഗമനേ<br>നിൻ നാമത്തെ-<br>യേറ്റൊരു ഞങ്ങളെയേൽക്കണമേ. | Natha nin rajya-<br>Thin mahima gamane<br>Nin namathey-<br>Ettoru njangaleyelkkename. |
| നാഥാ! നിൻ രാജ്യ-<br>ത്തിൻ മഹിമാഗമനേ<br>പുണ്യം ഞങ്ങൾ-<br>ക്കും നൽകിടു മരിച്ചോർക്കും. | Natha nin rajya-<br>Thin mahima gamane<br>Punnyam njangal-<br>Kkum nalkidu marichorkkum. |

| SONG 3 | |
|---|---|
| ഉടയോനരുൾ ചെയ്തു എൻ മെയ് രക്തങ്ങൾ<br>ഉൾക്കൊള്ളുന്നോരിൽ ചേർന്നു വസിക്കും<br>ഞാൻ | Udayonarul cheythu en mey rakthangal<br>Ulkollunnoril chernnu vasikkum<br>njan |
| എന്നെ വിശ്വാസാൽ ശുചിയോടു കൈക്കൊണ്ട്<br>കല്പന പാലിച്ചലവരെൻ സ്നേഹിതരാം | Enne viswasal shuchiyodu kaikondu<br>Kalpana palichalavar en snehitharam |
| ഗാത്രം ഭോജനമാം രക്തം കാസായാം<br>ഇവ കൈക്കൊൾവോരിൽ വാസം ചെയ്യും<br>ഞാൻ | Gathram bhojanamam raktham kasayam<br>Eva kaikkolvoril vasam cheyyum<br>njan |
| ആത്മ വിമുക്തിക്കായ് പുണ്യമെഴും നിന്റെ<br>രക്ത ശരീരങ്ങൾ നൽകണമേ നാഥാ! | Athmavimukthikkaye punnyamezhum ninte<br>Rakthasareerangal nalkaname Nadha! |
| നിൻ തിരുഗാത്രത്തിൽ പരിഹാരം തേടി<br>അക്ഷയമാം ജീവൻ നിത്യമായ് നേടും | Nin thirugathrathal pariharam thedi<br>Akshayamam jeevan nishchayamayi nedum |
| ഞങ്ങൾ കൈക്കൊണ്ട തിരുമെയ് രക്തങ്ങൾ<br>അന്ത്യവിധി തീർപ്പിൽ കൃപയിനാകണമേ | Njangal kaikonda thirumey rakthangal<br>Andhyavidhi theerpil kripayin aakaname |
| ജീവനാചാരം നിൻമെയ് രക്തങ്ങൾ<br>തന്നതിനാൽ നാഥാ! വിധിയൊഴിവാകണമേ | Jeevanacharam ninmey rakthangal<br>Thanathinal Nadha! Vidhiyozhivakaname |
| അംഗംഗങ്ങളിലവയെ സംക്ഷേപിച്ചതിനാൽ<br>ഉയരരുളിയ നാഥാ! സ്തുതി ചെയ്യുന്നടിയാർ | Angangangalil avaye samkshepichathinal<br>Uyararuliya Nadha! Sthuthi cheyyunnadiyar |
| നീതി നടത്തുന്നോരുത്തമ ന്യായേശാ<br>കടപത്രം നീക്കി വിധി പോക്കീടണമേ | Neethi nadathunna Ruthama Nyayesha<br>Kadapathram neekki vidhi pokeedaname |

| SONG 4 | |
|---|---|
| ഭൂസ്വർഗ്ഗം പേറുന്നോനേ മറിയാമുദരെ<br>കൈക്കൊണ്ട് കാലത്തികവിൽ ബേത്ലഹേം<br>ഓഫ്രത്തായിൽ വെളിവാക്കി സർവ്വേശ്വരനുടെ<br>പെറ്റമ്മേ കരുണക്കടലേ പരിശുദ്ധേ<br>താഴാഴ്മയുടെ മാതൃകയേ പ്രാർത്ഥിക്കണമേ<br>കൈവെടിയല്ലേ നിന്നേക സുതൻ സന്നിധിയിൽ<br>അർപ്പിക്കണമീ അടിയാരേ കൃപയും വാഴ്ത്തും<br>നൽകേണമേ | Bhooswargam perunnone Mariyamudare<br>Kaikkondu Kalathikkavil Bethlahem<br>Ofrathayil velivakki Sarveswaranude<br>pettamme! Karunakkadale, Parishudhe!<br>Thazhazhmayude mathrukaye! Prarthikkaname,<br>kaivediyalle. Ninakkasuthan  sannidhiyil<br>arppikkaname adiyaril Krupayum vazhvum<br>nalkename |
| ആദത്തിൻ പാപം പോക്കി-ട്ടേദനിലവനെ<br>യേറ്റീടാൻ താതാത്മജ വചനം<br>നരനായ്-ത്തീരാൻ റൂഹാ തിരഞ്ഞെടുത്ത<br>നിർമ്മല കന്യകയേ ശ്ലോമോ രണ്ടാം ഹൗവ്വായേ<br>ശ്ലോമോ കൃപനിധിയാമമ്മേ ശ്ലോമോ തൃക്കൺ<br>പാർക്കേണമീയടിയാരിൽ തവ സന്നിധിയിൽ<br>കണ്ണീരോ-ടർത്ഥന ചെയ്യും മക്കളെ നീ കൈ<br>വെടിയല്ലേ മാതാവേ | Aadathil paapam pokki Ttedhanilavane<br>yettidan Thathatmajavachanam naranay Theeran<br>rooha thiranjeduthu Nirmala kanyakaye<br>slomo Random hauwaye slomo;<br>Krupanidhiyamamme slomo; Thrukkan<br>paarkkanamee yadiyaril .Thava sannidhiyil<br>kanneerod arppanam cheyyum makkale nee<br>Kaivediyalle Mathave! |

# SUB-JUNIOR CATEGORY

| SONG 1 | |
|---|---|
| ഈ-നിന്നുതനത്തിൻ നാൾ വംശത്തലയം<br>ആദം മോദിക്കും നാഥാ!<br>സർവ്വേശാ! കൃപ ചെയ്യ്കെന്നിൽ<br><br>നി-ന്നെ മൃതരായവർ കബറിൽ മുദ്രക്കല്ലും<br>കാവലുമായ് വച്ചാർ നാഥാ!<br>സർവ്വേശാ! കൃപ ചെയ്യ്കെന്നിൽ<br><br>മ്ശീഹാ! വിൺമൺ<br>വാസികളെയുയർത്തുന്നതാൽ<br>മോദിപ്പിച്ചവനേ നാഥാ!<br>സർവ്വേശാ! കൃപ ചെയ്യ്കെന്നിൽ<br><br>സൗ-രഭ്യക്കൂട്ടുമെടുത്ത ശിഷ്യസ്ത്രീകൾ<br>ചെന്നാർ നിൻ കബറിൽ നാഥാ!<br>സർവ്വേശാ! കൃപ ചെയ്യ്കെന്നിൽ<br><br>കീ-പ്പായും യോഹന്നാനും സന്തോഷത്താൽ<br>ഓടി കബറെത്തി നാഥാ!<br>സർവ്വേശാ! കൃപ ചെയ്യ്കെന്നിൽ<br><br>ദേവാ! സ്തുതി നിൻ കരുണയ്ക്കും രക്ഷകനേ!<br>നിൻ<br>കൃപയതിനും നിത്യം നാഥാ!<br>സർവ്വേശാ! കൃപ ചെയ്യ്കെന്നിൽ | *Ee ninnuthanathin naal vamshathalayam*<br>*Adam modikkum Nadha!*<br>*Sarvesha! Krupa cheykkennil*<br><br>*Ninne mrutharayavar kabaril mudrakkallum*<br>*Kavalumay vechaar Nadha!*<br>*Sarvesha! Krupa cheykkennil*<br><br>*Msheeha! Vinman vasikaley uyarthunnathal*<br>*Modippichavane Nadha!*<br>*Sarvesha! Krupa cheykkennil*<br><br>*Sourabhyakoottumedutha shishyasthreekal*<br>*Chennar nin kabaril Nadha!*<br>*Sarvesha! Krupa cheykkennil*<br><br>*Keeppayum Yohannanum santhoshathal*<br>*Odi kabareththi Nadha!*<br>*Sarvesha! Krupa cheykkennil*<br><br>*Deva! Sthuthi nin karunaykkum Rakshakane! Nin*<br>*Krupayathinum nithyam Nadha!*<br>*Sarvesha! Krupa cheykkennil* |

| SONG 2 | |
|---|---|
| സോദരരേ കേൾപിൻ<br>കൂടി വരിൻ, ശ്രദ്ധിച്ചീടുവിൻ<br>സാദരമിത് കൈക്കൊൾക<br>ഉദയോന്റെ തിരു സന്ദേശം<br>ആദരണീയം ഹാ<br>മോദകരമിതിരു ബലിയാം<br>ആദിമ പാപത്തെ<br>മോചിച്ചൊരു ദൈവിക യാഗം<br>ആദിമ ഗോത്രപിതാക്കൾ<br>നിബിമാർ പൂർവ്വപിതാക്കളുമർപ്പിച്ച<br>ഊമജന്തു ബലി തീർത്തു<br>ഉദയോൻ സ്വയമേ ബലിയായി | Sodarare kelpin<br>Koodi varin, shraddhicheeduvin<br>Saadaramith kaikkolka<br>Udayonte thiru sandesham<br>Aadaraneeyam haa<br>Modakaramithiru baliyaam<br>Aadima paapathe<br>Mochichoru daivika yaagam<br>Aadima gothrapithakkal<br>Nibimaar poorvapithakkalum arppicha<br>Oomajanthu bali theerthu<br>Udayon swayame baliyaayi |

| SONG 3 | |
|---|---|
| വിസ്മയസഹിതം കബറു തുറന്നു<br>പാതാളം വിലപിച്ചു<br>വിലപിത നാരികളവിടെയണഞ്ഞ്<br>ആരാഞ്ഞു കർത്തൻ തന്നുടെ ദേഹത്തെ<br>നീക്കിയോ യൂദർ കബറീന്നും<br>വീരനാം തന്നുത്ഥാനമതത്ഭുതമായ് | Vismaya sahitham kabaru thurannu<br>Paathaalam vilapichu<br>Vilapitha naarikal avide ananju<br>Aaranju Karthan thannude dehathe<br>Neekkiyo Yoodar kabareennum<br>Veeranaam thannuththana mathathbhuthamaay |
| ദ്യുതിമയനാം മാലാഖ ക്ഷണം അറിയിച്ചു<br>നാരികളെ<br>മശീഹാകർത്തന്നുത്ഥിതനായ്<br>ഇവിടില്ല<br>പോയി ശ്ലീഹരെയറിയിപ്പീൻ<br>ഗ്ലീലയ്ക്കായവൻ പോയെന്നു<br>കാണുമവരവിടുത്ഥാനമതത്ഭുതമായ് | Dhyuthimayanaam maalakha kshanam ariyichu<br>naarikale<br>Masheeha Karthan uththithanaay<br>Ividilla<br>Poyi shleehare ariyippeer<br>Galeelaykkaay avan poyennu<br>Kaanum avar aviduththana mathathbhuthamaayi |
| വിമലത നിറയും നാരികളീ<br>സുവിശേഷം കേട്ടപ്പോൾ<br>മാളികയിൽ പോയ് ശ്ലീഹരോടായ് അറിയിച്ചു<br>മശീഹാ മരണത്തെക്കൊന്നു<br>ബന്ധിതരെ വിടുവിച്ചു<br>ഗ്ലീല നാട്ടിൽ പോയ്ക്കാൺക മശീഹായെ | Vimalatha nirayum naarikalee<br>Suvishesham kettappol<br>Maalikayil poy shleeharodaaay ariyichu<br>Masheehaa maranathe konnu<br>Bandhithare viduvichu<br>Gleela naattil poyikkaanka Masheehaye |
| ഗാലിലിയിൽ സമ്മേളിച്ചു ശ്ലീഹന്മാർ<br>പതിനൊന്നും<br>ഉത്ഥിത മണവാളനെയവരും കണ്ടവിടെ<br>സൈത്തിൻ പർവതമതിലേറ്റി വാഴ്ത്തി<br>താനംബരമേറി<br>പാറക്ലീത്തായെയവർക്കായ്<br>താനയച്ചു | Gaaliliyil sammelichu shleehanmaar pathinonnum<br>Uththitha manavaalaney avarum kandavide<br>Saithin parvathathiletti vaazhthi<br>Thaan ambarameri<br>Paarakleeththaayey avarkaay<br>Thaan ayachu |

| SONG 4 | |
|---|---|
| ചൊന്നാളതിശുഭ കന്യകമറിയാമാത്മവരത്താൽ<br>എന്നുടെ ദേഹി പുകഴ്ത്തുന്നീശനെയാന<br>ന്ദത്താൽ<br><br>മോദമെഴുന്നൊരു ജീവിതമേകിയൊരെൻ<br>ദൈവത്തിൽ<br>സാദരമെന്നുടെ ആത്മാവധികം സന്തോഷിപ്പൂ<br><br>അവനെൻ താഴ്ന്ന കടാക്ഷിച്ചതിനാൽ<br>ഭാഗ്യവതിയെ<br>ന്നഖിലരുമന്ത്യമതില്ലാതെന്നും വാഴ്ത്തിടുമെന്നെ<br><br>ശക്തനെനിക്കു മഹത്തരമായതു ചെയ്തിതു<br>സത്യം<br>അവനുടെ നാമമതെന്നെന്നേക്കും പരിശുദ്ധം<br>താൻ<br><br>അവനെ ഭയന്നുവസിപ്പോർക്കെല്ലാമവനുടെ<br>കരുണ<br>തലമുറ തലമുറ തളരാതെന്നും നിലകൊള്ളുന്നു<br><br>സർവ്വേശൻ ഭുജബലമതു കാട്ടിയഹങ്കാരികളെ<br>ചിതറിച്ചവരുടെ ഹൃദയവിചാരം വ്യർത്ഥത പൂണ്ടു<br><br>സിംഹാസനമതു നഷ്ടമതാക്കി പ്രഭുക്കളെ<br>വീഴ്ത്തി<br>സാധുജനത്തെയുയർത്തി മഹത്ത്വം<br>കാട്ടിമഹേശൻ | Chonnaalathishubha Kanyakamariyaam<br>aathmavarathaal<br>Ennude dehi pukazhthunneeshaney aanandathaal<br><br>Modamezhunnoru jeevithamekiyoren Daivathil<br>Saadaram ennude aathmaavadhikam santhoshippu<br><br>Avanen thaazhnna kadaakshichathinaal<br>bhaagyavathiye<br>Nnakhilarum anthyamathillaathennum<br>vaazhthidumenne<br><br>Shakthanenikku mahatharamaayathu cheythithu<br>sathyam<br>Avanude naamamath ennennekkum parishuddham<br>thaan<br><br>Avane bhayannu vasipporkkellaam avanude<br>karuna<br>Thalamura thalamura thalaraathennum nilkollunnu<br><br>Sarveshan bhujabalamathu kaatti ahankaarikale<br>Chitharichavarude hridayavichaaram vyarthatha<br>poondu<br><br>Simhaasanamathu nashtamathaakki prabhukkale<br>veezhthi<br>Saadhujanathe uyarthi mahathvam kaatti<br>Maheshan |

# JUNIOR CATEGORY

| SONG 1 | |
|---|---|
| അഗ്നിരഥത്തിൽ ആരോഹിതനാം<br>ദൈവകുമാരന്നീ മദ്ബഹായിൽ<br>ഘോഷത്തോടും മോദത്തോടും<br>ആഗതനായ് സ്ഥിതിചെയ്യുന്നു<br><br>വത്സലരെ വാ വിസ്മിത രാവിൽ<br>മണവാളൻ ഹാ ബലിയായ്<br>നമ്മളൊടൊപ്പം അതിഥികളായോർ<br>തനുരുധിരങ്ങൾ കൈക്കൊള്ളുന്നു<br><br>തനുവിൽ റൂഹാ തീ കാസായിലും<br>നിവസിക്കുന്നു വീക്ഷിപ്പിൻ<br>നമ്മുടെ നാഥൻ വാഴ്ത്തപ്പെടുന്നു ഈ തീയേ<br>തള്ളിയിടല്ലേ | Agnirathathil aarohithanaam<br>Daivakumaaranee Madhbahayil<br>Ghoshathodum modathodum<br>Aagathanaay sthithicheyyunnu<br><br>Vatsalare vaa vismitha Raavil<br>manavaalan haa baliyaay<br>Nammalodoppam athithikalaayor<br>Thanurudhirangal kaikkollunnu<br><br>Thanuvil Roohaa thee kasaayilum<br>Nivasikkunnu veekshippin<br>Nammude Naadhan Vaazhthappedunnu ee theeye<br>thalliyidalle |

| SONG 2 | |
|---|---|
| പുലർകാലേ ധൂപം-അർപ്പിച്ചീടുമ്പോൾ സ്വർഗേ<br>ദൂതന്മാർ -സ്തോത്രം പാടുന്നു പാപികൾക്കായ്<br>പാപ-മോചനമാം ധൂപം<br>ആചാര്യരീശ-നർപ്പിച്ചീടുന്നു<br>ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ യാചിപ്പിന്നീശാ<br>ഉത്തരമരുളണമേ | Pularkaale dhoopam Arppicheedumpol Swarge<br>doothanmar sthothram paadunnu Paapikalkkaay<br>paapa mochanamaam Dhoopam<br>Aachaaryareesha narppicheedunnu<br>Haaleluyyaa-u-Haaleluyyaa Yaachippinneesha<br>utharam arulaname |
| പുലർകാലേയഹറോൻ-ധൂപത്തോടേറി<br>പരിശുദ്ധസ്ഥാനേ-കർത്തൃപ്രീതിക്കായ്<br>അർപ്പിച്ചാൻ ധൂപം-മോദിച്ചതലീശൻ കോപം<br>പൂണ്ടോരീ-ന്നൊഴിവാക്കീ മരണം<br>ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ<br>ക്രോധം നീക്കേണം-നാഥാ നിന്നൻപാൽ | Pulkaaley Aharon Dhoopathoderi<br>Parishuddhasthaane Karthru preethikkaay<br>Arppichaan dhoopam modichath Aleeshan Kopam<br>poondoreenn ozhivaakki maranam<br>Haaleluyyaa-u-Haaleluyyaa<br>Krodham neekkename Nadhaa ninnanpaal |
| കിണറിങ്കൽ ചെന്നു-ജലമർത്ഥിച്ചിട്ടാ<br>ശമര്യാസ്ത്രീയെ വീ-ണ്ടോൻ മ്ശിഹാ സത്യൻ<br>സലിലം ചോദിച്ചു-അവളേകിയതില്ല ജീവജലം<br>പാനം-ചെയ്യിച്ചവളെത്താൻ<br>ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ പുണ്യനിണത്താൽ<br>നീ-സഭയെ രക്ഷിച്ചു | Kinarinkal chennu jalam arthichittaa<br>Shamarya sthriye veendon Msheehaa Sathyan<br>salilam chodichu avalekiyathilla Jeevajalam<br>paanam cheyyichavalethaan<br>Haaleluyyaa-u-Haaleluyyaa Punya ninathaal<br>nee sabhaye rakshichu |
| നിൻ നാമത്തിനായ്-അർപ്പിച്ചീധൂപം നിൻ<br>പ്രീതിക്കാക-അഹറോൻ ധൂപസമം<br>കോപിപ്പിച്ചോരീ-ന്നൊഴിവാക്കി മൃതിയെ<br>അതുപോൽ ലോകത്തീ-ന്നൊഴിവാക്കുക<br>കോപം ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ പാവനസഭ<br>തന്നിൽ-ക്ഷേമം വാഴട്ടെ. | Nin naamathinnaay arppichee dhoopam Nin<br>preethikkaaka Aharon dhoopasamam<br>Kopippichoreenn ozhivaakki Mruthiye<br>Athupol okatheen nozhivaakkuka kopam<br>Haaleluyyaa-u-Haaleluyyaa Paavana sabha<br>thannil kshemam vaazhatte |

| | |
|---|---|
| തന്നുള്ളം കയ്യിൽ-പള്ളിയുമതിനുള്ളിൽ<br>ബലിപീഠം നിർമ്മി-ച്ചോൻ മ്ശീഹാ സ്തുത്യൻ<br>നിബിയർ ശ്ളീഹന്മാർ-മുടി ചൂടും<br>സഹദേ-രിവരാം സമ്പാദ്യം-സ്ഥാപിച്ചാനുള്ളിൽ<br>ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ<br>പള്ളിപീഠങ്ങൾ-നിർമ്മിച്ചോൻ ധന്യൻ<br><br>ശ്രേഷ്ഠന്മാരെക്ക-ണ്ടേശായാ ചൊന്നാൻ<br>മേഘവാഹനരായ്-പറന്നീടുന്നിവരാർ പുണ്യം<br>നേടിയവർ -മകുടമണിഞ്ഞവരാം ഇവരോ<br>നിബിശ്ലീഹാ-സഹദേന്മാർ സംഘം<br>ഹാലേലുയ്യ-ഉ-ഹാലേലുയ്യ<br>മുടിമുടയുന്നോനെ-ചെയ്യുക കാരുണ്യം | Thannullam kayyil palliyum athinullil<br>Balipeedham nirmichon Msheehaa sthuthyan<br>Nibiyar Shleehanmar mudi choodum<br>Sahadherivaraam sampaadyam sthaapichaan ullil<br>Haaleluyyaa-u-Haaleluyyaa<br>Pallipeedhangal nirmichon dhanyan<br><br>Shreshthanmarekkand Eshaayaa chonnaan<br>Meghavaahananaraay paranneedunnivaraar<br>Punyam<br>nediyavar  makudamaninjavaraam Ivaro<br>Nibi-Shleehaa Sahadhenmaar sangham<br>Haaleluyyaa-u-Haaleluyyaa<br>Mudi mudayunnone cheyyuka kaarunyam |

| SONG 3 | |
|---|---|
| നൈർമ്മല്യം താഴ്മ ശുചിത്വം-മികവേറീടും<br>പരിശീലനവും പൗരോഹിത്യത്തി-ന്നതി യോഗ്യം<br>ഏവം മോർ പൗലോസ് ശ്ലീഹാ-ലേഖനമെഴുതി<br>പ്രിയരാം തിമൊത്തെയോസിന്നും<br>തീ-ത്തോസിന്നും<br>ദൈവത്തി-നാചാര്യന്നുണർവ്വും<br>നടപടിയിൽ - പൂർണ്ണതയും വേണം<br>ഭവനം സഭയിവ ഭരണം ചെ-യ്തിടുവാൻ<br>വൈഭവവും | Nairmlavam Thazhma shuchithwam mivavereedum<br>Parisheelanavum pourohithyathinnnathi `yogyar<br>Evam mar poulose shleeha leghanamezhuthi<br>Priyaraam theemothiyosinum<br>Thee-thosinnum<br>Daivathinnaachaaryannunarvum<br>Nadapadiyil poornathayum venam<br>Bhavanam sabhayiva bharanam cheythiduvaan<br>vaibhavaum |
| നാഥാ! തിരുസഭയിൽ നിന്നെ-ശുശ്രൂഷിച്ചോ-<br>രാചാര്യൻ ശുഭമായ് ജീവിതമവസാ-നിപ്പിച്ചു<br>തന്റെ കടം പരിഹൃതമാവാൻ മദ്ബഹാ തന്നിൽ<br>തൻ കൈകളിലാഘോഷിച്ചാൻ<br>തിരുമെയ്-രക്തങ്ങൾ<br>തിരുമെയ്യാൽ-കടഭാരം നീക്കി<br>രുധിരത്താൽ -പാപം പോക്കണമേ<br>നാഥാ!<br>സ്തുതിയെന്നിവാർത്തീടേണം-നിൻവലമായ് | Naadha thiru sabhayil nine shishrooshicho<br>Raacharyan shubhamaay jeevithamasaa nippichu<br>Thante kadam parihruthamaavan mabbaha thannl<br>Than kaikalilaaghoshichaan thiru mey rekthanga,<br>Thirumeyyaal kadabhaaram neekk<br>Rudhirathaal paapam pokkaname<br>Naadhaa<br>sthithiyennivanaarththedenam nin valamaay |
| രാജത്വവുമാചാര്യത്വവുമോർത്താൽ മന്നിൽ<br>ചിട്ടകളും നിയമങ്ങളുമുളവാക്കും-രണ്ടുരവാം<br>രാജപദത്തീന്നുമുദിപ്പൂ-ഭൂ നിയമങ്ങൾ<br>പൗരോഹിത്യ സ്ഥാനത്തീന്നും സ്വ-ർഗ്ഗീയമതാം<br>രാജാവി-ന്നധികാരം ഭൂവിൽ<br>വൈദീകനോ-ഭൂ സ്വർഗ്ഗങ്ങളിലും<br>വൈദീക രാജസ്ഥാനങ്ങളെ-മാനിച്ചോൻ ധന്യൻ | Raaiathwavumaachaaryathavumorthaal manil<br>Chittakalum niyanamngalumulavaakkum rnduravaam<br>Raajapathaththeennumudhippoo bhoo niyamanga<br>Pourohithya sthaanaththeennum swargeeyathamaam<br>Rajaavinnadhikaram bhoovil<br>Vaidhikano bhee swargangaliyum<br>Vaidhika raajasthananagale maanichon dhanyan |

| | |
|---|---|
| ദൈവസുതാ! നീ നൽകിയതാം താലന്തെല്ലാം<br>ദുഷ്ടതയേലും ദാസൻപോൽ ഞാൻ മൂ-ടിടാതെ<br>എൻ കഴിവിന്നനുസൃതമായ് ഞാൻ-<br>വ്യാപാരത്താൽ<br>വർദ്ധിപ്പിച്ചിട്ടേൻ കൈവശമായ്<br>ഞാ-ൻ സൂക്ഷിച്ചു.<br>അന്ത്യദിനേ-നീയെഴുന്നള്ളുമ്പോൾ<br>പലിശയോടും-ഞാനവയെൽപ്പിക്കാം<br>സ്തുതിപാടാൻ<br>സൗഭാഗ്യമെനിക്കുണ്ടാ-യിടണമേ | Daiva sutha nee nalkiyathaa thaalathellam<br>Dushtathayelum dhaasan pol njaan moodeedaathe<br>En kazhivinnanusruthamaay njaan<br>vyaaparathaa,<br>Varddhippichchitten kaivashavaam nian sookshippoo<br>Antha dine nee yezhunnellumbol<br>Palishayodum niaanvayelppikkaam<br>Sthuthi paadaan<br>soubhagyamenikkundaayeedaname |

# INTERMEDIATE CATEGORY

| SONG 1 | |
|---|---|
| നശ്വരമാം വീടേ!-എന്തിനു മോഹിപ്പിച്ചെന്നെ<br>പാപക്കടലേ! നീ - എന്തിന്നാഴത്തിൽ താഴ്ത്തി<br>പറയും ജീവിതമേ! ക്ലേശിപ്പിച്ചെന്തിനെന്നെ<br>പോകുന്നേൻ നാഥൻ - നോക്കിപ്പാർക്കും സ്ഥാനത്തിൽ<br>നീ മോഹിപ്പിച്ചു - ദ്രവ്യ വിഭൂഷകളാലെന്നെ<br>നീ കിളിയെപ്പോലെ - വീഴിച്ചു കോണികളിലെന്നെ<br>ഞാൻ പോകുന്നേരം - വിരലുകളിൽ നീ പിടികൂടി<br>ഞാൻ സംഭ്രമമാർന്നു - ദുസ്വപ്നം കണ്ടോനേപ്പോൾ<br><br>ന്യായാധിപനീശൻ സംസാരിക്കുമ്പോഴയ്യോ<br>അഗ്ന്യാത്മീയന്മാർ - ഞെട്ടീടും വിറകൊണ്ടീടും<br>പാരം വെളിവാമെൻ - ദുഷ്കർമ്മങ്ങളെ മുൻനിർത്തി<br>ചോദ്യം ചെയ്യുമ്പോൾ - ഉത്തരമായ് ഞാനെന്തോതും | Nashwaramaam veede enthinu mohippichenne<br>Paapakkadale nee- enthinnaazhathil thaazhthi<br>Parayum jeevithame- kleshippichchenthinnennne<br>Pokunnen naadhan- nokki ppaarkkum sthanathil<br>Nee mohippichu- dhravya vibhooshakalaalenne<br>Nee kiliye ppole- veezhichu konikalilenne<br>Njaan pokunneram- viralukalil nee pidikoodi<br>Njan sambhramaarnnu dhuswapnam kanodoneppol<br><br>Nayaayadhipaneeshan samsaarikkumbozhayyo<br>Agnyathmeeyanmmaar- njetteedum virakondeedum<br>Paaram velivaaamen dhushkarmmangale mun nirthi<br>Chodhyam cheyumbol- utharamaay njaanenthothum. |

| SONG 2 | |
|---|---|
| പാപിനിമേത്തരമാം തൈലം<br>വ്യാപാ- രിയിൽനിന്നും - വാങ്ങി<br>പാപവിമോചനമാർന്നിടാൻ<br>ശീമോ- ൻ തൻ ഗേഹം- പൂകി | Papini meltharamam thailam<br>Vyapa-riyil ninnum vangi<br>Papavimochanamaaarnneedan<br>Sheemo-n than geham pooki |
| ദുശ്ചരിതേ ലോ- കം സർവ്വം<br>നീ സ്വൈരണിയെന്നറിയു- ന്നതിനാലെ<br>പോവുകവാതിലിൽ നിൽക്കാതെ-<br>ന്നവളെ ശീമോ- ൻ ശാസിച്ചു<br>സ്ത്രീ- യേ നിൻ പാപം<br>മോചിച്ചതിനാ- ൽ പൊയ്ക്കോൾക-<br>ന്നരുളിച്ചെയ്തോൻ സംസ്തുത്യൻ<br>പു- ണ്യപ്രദനും തൽപ്രേഷകനും-<br>സംസ്തുത്യൻ | Dushcharithe lo-kam sarvvam<br>Nee swairaniyennariyu-nnathinale<br>Povuka vathilil nilkkathe<br>Nnavale shee-mon shasichu<br>Sthreeye nin paapam<br>Mochichathinal poykkolka<br>Nnarulicheython samsthuthyan<br>Punya pradanum thal preshakanum samsthuthyan. |
| സംസാരിച്ചാനുപമകളാൽ<br>ജഗതീ- രക്ഷകനാം- നാഥൻ<br>കാന്തൻ തന്നെക്കാൺമാനാ-<br>ങ്ങെതിരെ- ല്പാൻ ദീപം- പേറി<br>നിർഗ്ഗതരായൊരു- കന്യകളോ-<br>ടൊപ്പം പാർത്താൽ സ്വർഗ്ഗ- മഹാരാജ്യം<br>മുങ്ങി നിദ്രയിലെല്ലാരും<br>പൊങ്ങിയപ്പോ- ഴാരാവാം<br>വന്നു- മണവാളൻ<br>അറിവുള്ളോര- റയിൽ കയറി<br>അറിവറ്റോരാ വാതിൽക്കൽ<br>തേ- ങ്ങി തേങ്ങി പ്രലപിച്ചയ്യ- യ്യോ നിന്നു | Samsarichan upamakala-l<br>Jagathee- rakshakana-m Na-than<br>Kanthan thanne kanthayoda<br>Ngethire-lppan deepam pe-ri<br>Nirggatharayoru kanyakalo<br>Doppam parthal swargga maharajyam<br>Mungi nidrayilellarum<br>Pongi appo-zharavam<br>Vannu manavalan<br>Arivullora-rayil kayari<br>Arivattora vathilkkal<br>Thengi thengi pralapichayya-yyo ninnu. |

| SONG 3 | |
|---|---|
| ശുചിയോടാ - ചാര്യാ-ർപ്പിതമാം<br>ധൂപം വാ-നിടമാ-ർന്നപ്പോൾ<br>ക്രോബേ ദൂതന്മാ-രാശ്ചര്യം - കൂറി<br>ചിന്താമ-യമാം ധൂ-പത്തി-നുള്ളിൽ തീ -<br>കണ്ടോർ<br>ഭക്ത്യാമു-മ്പിൽ നി-ലകൊള്ളാൻ - ധൈര്യം -<br>പൂണ്ടില്ല<br>ബലമാ-യ് കേരഹുമബിറാമും<br>കാട്ടി-യപോലല്ലീ ധൂപം<br>പാരം നീ-തിയുമു-ള്ളാരിൽ<br>പരിശുദ്ധി-യുമെഴുമ-ഹറോൻ തൻ<br>പ്രാർത്ഥന കൈ-ക്കൊണ്ടാൻ -<br>പരമോ-ന്ന-തനീശൻ<br><br>രക്ഷകനേ! നിൻ വ-രവിൻ നാൾ<br>യോഗ്യത പോ-ലെല്ലാ-വർക്കും<br>പ്രതിദാനം -നൽകാൻ -വെളിവാകും -നീതി<br>വിധിയേൽപ്പാൻ -തലമുറ-യെല്ലാം കൂട്ടം<br>കൂടുമ്പോൾ<br>പാപികളീ-ന്നും<br>ധാർമ്മികരെ-വേറാക്കീ-ടുമ്പോൾ<br>ഈ ദാ-സനെ വിധിചെയ്യരുതേ<br>ജാത-രിലേവൻ പിഴയേറ്റോൻ<br>നിന്നിൽ നി-ദ്രതനീ-സഹജൻ<br>തീജ്വാല-യ്ക്കിരയാ-ക്കല്ലേ<br>നാഥാ! കൃ-പ ചെയ്ക - നിന്നെ വാ-ഴ്ത്തുമിവൻ<br><br>ആർക്കായ് കാ-ഴ്ചകളി-വിടെയണ-<br>യ്ക്കുന്നോ ഭാ-ഗ്യമവ-ന്നേറ്റം | Shuchiyodacharyarppithamam<br>Dhūpam vānidamārnnappōl<br>Krōbē dūthanmār āścharyam kuṟi<br>Chinthāmayamām dhūpathinnullil thī kaṇdor<br>Bhakthyā mumpil nilakollān dhairyam pūṇdilla<br>Balamāy Kērāhūm Abirāmum<br>Kāttiyapōl alli dhūpam<br>Pāram neethiyum ulthāril<br>Parishuddhiyum ezhum Aharōn than<br>Prārthana kaikkondān Paramōnnathan Īshan<br><br>Rakshakanē! Nin varavin nāl<br>Yōgyatha pōlellāvarkkum<br>Prathidānam nalkān velivākum neethi<br>Vidhiyēlpān thalamurayellām kūṭṭam kūḍumpōl<br>Pāpikalil ninnum dhārmmikare vērākkidumpōl<br>Ī dāsane vidhicheyyaruthē<br>Jātharil ēvan pizhayettōn<br>Ninnil nidrathan ī sahajan<br>Theejvālaykkirayākallē<br>Nāthā! Kripa cheyka<br>Ninne vāzhthum ivan<br><br>Ārkkāy kāzhchakal ivide anaykkunnō<br>Bhāgyam avanēttam<br>Mēl swarggathil avanōrmmayathundākum |

| | |
|---|---|
| മേൽ-സ്വർഗ്ഗ-ത്തിലവ-ന്നോർമ്മയതു-ണ്ടാകും<br>ഗോത്രപ്പേ-രുകളോ-ർമ്മയ്ക്കായ് -കർത്താവിൻ<br>-മുമ്പിൽ<br>കാണ്മാൻ ക-ല്ലുകളിൽ<br>മോശ-കൊത്തിയതോ-ർക്കുമ്പോൾ<br>നിങ്ങൾ -തൻ മൃതർപേരുകളെ<br>ഓർക്കാ-നും പള്ളിയിലിവുടെ<br>എഴുതാനും - മേൽ സ്വ-ർഗ്ഗത്തിൽ<br>മശിഹാതൻ - വരവിൽ - തന്നോ<br>ടവർമോ-ദിപ്പാനും - ചേർപ്പിൻ ദീ-ഷ്തറായിൽ | Gōthrappērukal ōrmmaykkāy Karthāvin mumpil<br>Kānmān Kallukalil Mōsha kothiyathōrkkumpōl<br>Ningal than mrithar pērukale<br>Ōrkānnum palliyil ivide<br>Ezhuthānum mēl swarggathil<br>Mashihāthan varavil thannod-<br>Avar mōdippānum chērppin Pristāyil., |

| SONG 4 | |
|---|---|
| രക്ഷകനേ! വാങ്ങിപ്പോ-യി<br>നിന്നെ ശു-ശ്രൂഷിച്ചോനാ-<br>മീയാചാര്യൻ-സുകൃതത്തോടിപ്പോൾ<br>നാഥാ! കൽപ്പനകാത്തോരാം<br>പരിശുദ്ധ-ന്മാർ സഹിതമിവൻ<br>നിൻ-രാജ്യത്തിൽ സന്തോഷിപ്പാനും<br>ഈറന്മാരുടെ സംഘത്തിൽ<br>ചേലൊടു നി-ന്നെ സ്തോത്രത്താൽ<br>പൂജിപ്പാനും -യോഗ്യത നേടേണം<br>സുകൃതമാം താലന്തെല്ലാം<br>നീവരുമ-ന്തിമമാം നാളിൽ<br>പലിശയുണ്ടൊന്നി-ച്ചേകണമീ ദാസൻ<br>ഇസ്രായേലിൻ രാജാവേ!<br><br>ദർശകനാം-ദാവീദേ! നീ<br>വിവരിച്ചാലും - പുനരുത്ഥാനത്തെ<br>പുതുതാക്കും ധരയെനാഥൻ<br>മരണത്താ-ൽ ബദ്ധന്മാരെ<br>കരകേറ്റീടും-വാരിധിയിൽ നിന്നും<br>വിധിപീഠം സ്ഥാപിച്ചീടും<br>സ്ലീബായെ-നിരസിച്ചോർക്കായ്<br>വിധി നൽകീടും ഭീകരമാം തീയാൽ<br><br>സൃഷ്ടികളെയെല്ലാം സൃഷ്ടി-<br>ച്ചൊടുവിൽ സു-ന്ദരനാദാമിനെ<br>സൃഷ്ടിപ്പാനായ്-സ്രഷ്ടാവിനു തോന്നി<br>ദിശനാലിൽ നിന്നും നാഥൻ<br>കയ്യിൽ പൂ-ഴിപ്പൊടിയേന്തി<br>തൻ സാമ്യത്തിൽ - സൃഷ്ടിച്ചാദത്തെ | Rakshakane vaangippoyi<br>Nine shushushichonaam<br>Ee achaaryan Sukruthathodippol<br>Naadha kalpana kaathoraam<br>Parishudhanmaar sahithamivan<br>Nin raajyathil Santhoshippaanum<br>Eerenmaarude sankathil<br>Chelodu nine sthothrathaal<br>Poojippaanum -Yogyatha nedenanam<br>Sweekruthamaam thaalanthellam<br>Nee varumanthimaaam naalil<br>Palishayumonni chekaname dhaasan<br><br>Israyelin rajave<br>Darsakanam- davide nee<br>Vivarichalum-punaruthanathe<br>Puthuthakkum darauenadhan<br>Maranatha-l bandhanmare<br>Karakettidum-varidhiyil ninnum<br>Vidhipeedam sthapichidum<br>Sleebaye nirasichorkkay<br>Vidhinalkidum bheekaramam theeyal<br><br>Srushtikaleyellam srushti-<br>-Choduvil sundara naadhamine<br>Srushtippanaay srushtaavinu thonni |

| | |
|---|---|
| പറുദീസിന്നവകാശിയാം<br>നൽകിത്തോ-ട്ടം ഭരമേൽപ്പി-<br>ച്ചരുളിച്ചെയ്താൻ - ജീവമരം കാപ്പാൻ<br>എൻ കല്പന കാത്താൽ സ്വർഗ്ഗം<br>എന്റേതും - ധര നിന്റേതും<br>ഹാലേലുയ്യാ - കൽപ്പിച്ചാനേവം | Disha naalil ninnum naadhan<br>Kaiyyil poozhi ppodiyenthi<br>Thal samyathil srushtichaadathe<br>Parudeesin avakaashithwam<br>Nalki thottam bharamelppi-charuli cheythaan<br>Jeevamaram kaathaal<br>En kalpana kaathaal swargam<br>Entethum dhara nintethum<br>Haaleluyya Kalpichaanevam |

# SENIOR CATEGORY

## SONG 1

അ-ദ്രാമിൻ സുതനാമഹറോൻ
ദിവ്യമതാമേഫോദ് ചാ-ർത്തി
ധൂ-പം, കാട്ടാൻ ശുദ്ധതതൻ
ശുദ്ധസ്ഥാനം പ്രാപിച്ചു.
പൊങ്ങിയ ധൂപ-ത്താൽ കോപം
നീങ്ങി പ്രീതി-പ്പെട്ടുടയോൻ
ഇ-സ്രായേലീന്നും-ശീഘ്രം ബാധ-യെ രോധിച്ചു

ശ്ലീ-ഹപ്രമുഖൻ ശീമോന്
നൽകി മ്ശിഹാ കഹനൂസാ
പൊ-ടിമണ്ണിൽ സന്താനങ്ങൾ
ശുശ്രൂഷകരെ നിയമിച്ചു
മ്ശിഹാ  മഹിമാ-വോടെത്തി
ജീവൻ നൽകീ-ടുന്നേര-
ത്ത-വരാത്മച്ചിറകാൽ-മിന്നും മേഘ-ങ്ങളിലേറും

വീ-ണയ്ക്കൊപ്പം പള്ളികളിൽ
സ്തുതി പാടിയ സഹജൻ തന്നെ
നിൻ-ജീവധ്വനി ഖബറീന്നും
പറുദീസിൽ പുകിക്കേണമേ
നിന്മഹിമോദ-യ ദിവസത്തിൽ
നിൻവലഭാഗ-ത്തായ് നിർത്തി-
ട്ടി-വനെ യേറ്റണമേ-നിൻപ്രിയരൊപ്പം
മണവറയിൽ

*Amraamin suthanaamaharon*
*Divyamathaamephodh chaarthi*
*Dhoopam kaattaan shudhatha than*
*Shudhasthaanam praapichu*
*Pongiya dhoopathaal kopam*
*Neengi preethippettudayor*
*Israaayeleennum sheekhram baadhaye rodhichu*

*Shleeha pramughan sheemonu*
*Nalki mishiha kahanoosa*
*Podimannil santhanangal*
*Shushrooshakare niyamichu*
*Mashiha mahimaavodethi*
*Jeevan nalkeedunnera-*
*-ththa-varaathma chirakaal minnum*
*meghangalilerum*

*Veenaykkoppam pallikalil*
*Sthuthi paadiya sahajan thane*
*Nin jeevadhwani kabareennum*
*Parudeesin pookikkename*
*Nin mahiodhaya divsathil*
*Nin valabhaagathaay nirthi*
*Ttivane yettaname nin priyaroppam manavarayi*

| SONG 2 | |
|---|---|
| മൂശാ നിബീതൻ<br>മരണത്തിൻ ബഹുമാനാർത്ഥം വന്നീ-റേന്മാർ<br>ആചാര്യൻ പോൽ<br>അവനെയടക്കം ചെയ്തുടയോൻ<br>ശൈലം-തന്നിൽ<br>ചുറ്റും നിന്നോരഗ്ന്യാത്മീയന്മാർ-<br>ക്കവനത്യന്തം - പ്രീതിപ്രദനല്ലൊ<br><br>നിബിയന്മാർ തൻ<br>തലവനെ നിഖില ജഗന്നാഥൻ സംസ്ക്കാ-രം ചെ-<br>യ്തെന്നതു പാർത്താ-ലതിയോഗ്യം ദാസന്മാരെ<br>കബറിലടക്കിടുമോനെ ഹാലേ... സ്തോ-ത്രം<br>ചെയ്യാം<br><br>ഹസ്കിയേലെ!<br>വെളിപാടുകളിൽ വലിയവനേ! ബുസി-പുത്രാ!<br>നിര്യാതന്മാർ<br>എങ്ങനെ പുനരുത്ഥാനത്തിൽ - ജീവൻ നേടും<br>എന്നെ നാഥൻ - താഴവരയൊന്നിലേഹോ<br>ശുഷ്കതയാർന്നോ-രസ്ഥികൾ കാട്ടി-<br>ക്കൊണ്ടെന്നോടോതി<br>പ്രവചിപ്പാൻ ഞാൻ പ്രവചിക്കേ ശീഘ്രം - റൂഹാ<br>വന്നു മൃതന്മാ-രിൽ പുകി<br>ജീവപ്രദനെ<br>വാഴ്ത്താനവരാരംഭിച്ചു ഹാലേ.... നാഥൻ<br>സ്തുത്യൻ | Mooshaa Nibithan<br>Maranaththin bahumaanaartham vanneerenmaar<br>aachaaryan pol<br>Avaney adakkam cheythudayon shailam thannil<br>Chuttum ninnor agnyaathmeeyanmaarkk<br>avan athyantham preethipradanallo.<br><br>Nibiyanmaar than<br>Thalavane nikhila jagannaathan samskaaram chey<br>thennathu paarthaal athiyogyam Daasanmaare<br>kabaril adakkeedunnone Haale... sthothram<br>cheyyaam<br><br>Haskkiyele!<br>velippaadukalil valiyavane! Boosi-puthraa!<br>Niryathanmar<br>Engane punarutthaanathil jeevan nedum<br>enne Naathan<br>Thaazhavara onnilaaho<br>shushkkathayaarnnorasthikal<br>kaattikkondennodothi<br>Pravachippaan njan pravachikke sheeghram<br>Roohaa vannu<br>mrithanmaaril pooki jeevapradane<br>Vaazhthaan avan aarambhichu Haale... Naathan<br>sthuthyan. |

| SONG 3 | |
|---|---|
| ആചാര്യ - നിർമ്മ - ലചരിതാ സിദ്ധ-ഗണത്തിൽ ജീവൻ<br>നിറയും ല-ക്ഷ്യത്തചന്റ | Achaaryaa nirmmala charithaa sidhdha ganathin jeevan<br>Nirayum lakshaythil |
| വിശ്രമമേ-ല്പാനാ-യിപ്പോൾ നിന്നെ - നയിക്കും<br>മശിഹാ നാഥൻ സം-സ്തുത്യൻ ഹാലേ...<br>ഹാലേലുയ്യ | Vishramamelppaanaayippol nine nayikkum<br>Mashiha naadhan sam sthuthyan haalelluyyya-<br>haalelluyya |
| ദൈവം മോ-ശയെ സ-സ്നേഹം നേബോ -ലടക്കം ചെയ്-<br>തെന്നല്ലോ വേ-ദോക്തം | Daivam moshaye sasneham nobiladakkam chey-<br>-thennallo vedhoktham |
| മശിഹായും - തിരുസഭയുമിതാ വത്സലസഹജാ!<br>നിന്നെയനുയാനം - ചെയ്‌വൂ ഹാലേ... ഹാലേ... | Mashihayum thirusabhayumithaa valsala sahajaa<br>Ninneyanuyaanam cheyvoo haaleluyya- haalelluyya |
| നിന്നെ നയി-ച്ചോനാം -ദൈവം വിമലാ! നിന്നെ കാണ്മാൻ<br>ഞങ്ങൾക്കിടനൽകും | Nine nayichonam daivam vimala! Ninne kaanmaan<br>Njangalkida nalkum |
| സ്വർഗ്ഗീയോ-ജ്വലഗേ-ഹത്തിൻ സിദ്ധ-സമേതം<br>നിന്നെ മോദി-പ്പിക്കട്ടെ, ഹാലേ.... ഹാലേ.... | Swagreeyojwala gehathil siddha samethaam<br>Nine modhippikkatte haaleluyya- haalelluyya |
| ഹാനനിയാ -മുതലാ-യോരാം പൈത-ങ്ങൾമേൽ എരിതീ-<br>ക്കുഴിയിൽ തൂ-കിയതാം | Haananiya muthalayoraan paithangalmel erithee<br>Kkuzhiyil thookiyathaam |
| അൻപിൽ പനിനീർ തി-രുസഭതൻ മക്കളിൽ നിന്നും<br>തീജ്വാലയെ മായിക്കട്ടെ ഹാലേ... ഹാലേ... | Anpin panineer thirusabha than makkalil ninnum<br>Theejwaalaye maayikkatte haalelluyya-<br>haalelluyya |

| SONG 4 | |
|---|---|
| ഈ ആചാര്യന്നാശ്വാസം നൽകേണം നാഥാ!<br>സിദ്ധന്മാരോടൊപ്പം നിത്യവാസം തന്നിൽ<br><br>കർത്താവേ! നിൻപ്രിയരായൊരാം<br>നിർമ്മലരൊന്നി-<br>ച്ചീസഹജൻ തന്നാത്മാവിനു നീ നൽകാശ്വാസം<br><br>ധർമ്മിഷ്ഠന്മാരാം ശ്ലീഹന്മാർ നൽ താതന്മാർ<br>എന്നിവരൊന്നിച്ചീ വൈദീകനെ നിർത്തുക<br>നാഥാ!<br><br>പോവുകശാന്ത്യം ചേരുക തേജസ്സുത<br>സൈന്യത്തിൽ<br>പാടുക ദൈവപ്രിയവിമലന്മാരൊപ്പം സ്തോത്രം<br><br>പോവുക ശാന്ത്യ വാഴുക വെളിവിൻ മണവറ<br>തന്നിൽ<br>ജീവാഗാരേ നിന്നയണച്ചോൻ സ്തുത്യൻ ധന്യൻ<br><br>ആചാര്യേശാ! മശിഹാകൂദാശകളർപ്പിച്ചോ-<br>രീയാചാര്യന്നേകുക പുണ്യം നാഥാ! സ്തോത്രം. | Eee aacharyannashwasam nalkenam naadha<br>Siddhanmmaarodoppam nithyaasavam thannil<br><br>Karthave nin priyarayoram nirmaloronni<br>-chchee sahajan thannaathmaavinu nee<br>nalkaashwasam<br><br>Dharmmmishtanmmaaram sheelhanmaar nal<br>thaathanmaar<br>Ennivaronnichee vaidhikane nirthuka naadha<br><br>Povuka shaanthyaam cheruka thejassutha<br>sainyathil<br>Paaduka daiva priyavimalanmaaroppam sthothram<br><br>Povuka shaanthyaa vaazhuka velivil manavara<br>thanni<br>Jeevaagaare ninnayanachon sthuthyan dhanyan<br><br>Aachaaryeshaa mashiha koodhaashakalrppicho-<br>ree aacharyanekuka punyam nadha sthothram, |

| SONG 5 | |
|---|---|
| ഐശായൻ-ദാവീദിനെ ശമുവേൽ<br>രാജാവായ് തൈലം പൂശി-<br>ട്ടിസ്രായൽ- ജാതിക്കധിപതിയായ്<br>നിയമിച്ചധികാരം നൽകി.<br><br>ബൈസ്കൂ- ദിശാ ശുശ്രൂഷകനാ-<br>യഹരോ- നെമൊശാനിബിയും<br>ശീമോ-ൻ തൻ ഗൃഹമാർന്നോളാം<br>അപ്പാ- പിനിതൻ തൈലം പോ-<br>ലിത്തൈലം വാഴ്വേൽക്കട്ടെ.<br><br>പാപിനി തൻ- തൈലപാത്രത്തെ<br>കാരുണ്യം മൂലം വാഴ്ത്തി<br>നിൻ പാപം- മോചിതമെന്നേവം<br>കൽപ്പിച്ചോനാം സർവ്വേശാ<br>ദാതാ-വിൻ ഗേഹത്തോടൊ-<br>ത്തിത്തൈ-ലത്തെ വാഴ്ത്തേണം<br>സാക്ഷാൽ- വിശ്വാസത്തോടീ-<br>തൈലം കൈക്കൊള്ളുന്നോർ തൻ<br>ദോഷം മായിച്ചീടേണം<br><br>ആഹ്വാനം- ചെയ്യും പാപികളിൽ<br>കൃപയെ വിലക്കാത്തോൻ ദേവാ<br>ആർദ്രതയാൽ -കോപത്തിൻ വടിയും<br>താഡനവും നീക്കീടേണമേ<br>ആന-ദൈശ്വര്യങ്ങളെഴും<br>മാസാ-ബ്ദങ്ങളെ നൽകണമേ<br>സ്ലീബാ-യുടെ വൻ റൂശ്മായാൽ<br>വിധ്വംസിക്കുക ദുഷ്ടനെ നി-<br>ന്നാർദ്രതയെ വാഴ്ത്തും ഞങ്ങൾ | Aishaayan Daavidine Shamuvēl<br>raajaavaay thailam pooshi<br>ttisraayaal jaathikkadhipathiyaay<br>niyamichadhikaaram nalki.<br><br>Beskku dishaa shushrooshakanaayi<br>Aharone Moshaanibiyum<br>Sheemon than grihamaarnnōlaam<br>appaa pinitan thailam pol<br>iththailam vaazhkkatte.<br><br>Paapini than thailapaathrathe<br>kaarunyam moolam vaazhthi,<br>nin paapam mochitham ennevam<br>kalppichōnaam Sarvveshaa;<br>daathaavin gehaththod<br>oththi thailatthe vaazhthanam.<br>Saakshaal vishwaasaththodee<br>thailam kaikkollunnor than<br>dosham maayichcheedenam.<br><br>Aahvaanam cheyyum paapikalil<br>krupaye vilakkaaththōn Devaa,<br>aardrathayaal kopaththin vadiyum<br>thaadanavum neekkīdename.<br>Aana-daishwaryangal ezhum<br>maasaabdhangale nalkkanamē.<br>Sleebaayude van rooshmaayaal<br>vidhwamsikkuka dushṭane. Ni<br>nnaardrathaye vaazhththum njangal |